"ഭരണഭാഷ- മാതൃഭാഷ"

കേരളം സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ് - ജീവനക്കാര്യം - പത്തനംതിട്ട ജില്ല - പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ് - സ്പോർട്സ് ക്വോട്ട സൂപ്പർ ന്യൂമററി ക്ലാർക്ക് ശ്രീ.ജിജിൻ വിജയൻ- പരിശീലനത്തിനായി സേവനത്തിൽ നിന്ന് വിട്ടു നിന്ന കാലയളവ് - ശൂന്യവേതനാവധിയായി ക്രമീകരിച്ച് -ഉത്തരവാകുന്നു.

തദ്ദേശസ്വയംഭരണ(ഇപിഎ)വകുപ്പ്

സ.ഉ.(സാധാ) നം.**2138/2026/LSGD** തീയതി,തിരുവനന്തപുരം, **09-11-2026**

പരാമർശം:-

1. പഞ്ചായത്ത് ഡയറക്ടറുടെ **30.04.2021**ലെ **PAN/5608/2021-E6 (DP)** നമ്പർ കത്ത്.
2. പഞ്ചായത്ത് ഡയറക്ടറുടെ **17.12.2021**ലെ **PAN/5608/2021-E1(DP)**നമ്പർ കത്ത്.
3. **04.07.2023** ലെ സ.ഉ.(കൈ) നം.**103/2023/GAD.**
4. തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ **21.12.2023**ലെ **LSGD/PD/62076/2023-DEG4** നമ്പർ കത്ത്.
5. ശ്രീ.ജിജിൻ വിജയൻ സമർപ്പിച്ച **04.06.2026**ലെ അവധി അപേക്ഷ.
6. തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ **17.07.2026**ലെ **LSGD/PD/62076/2023-DEG4** നമ്പർ കത്ത്.

ഉത്തരവ്

പത്തനംതിട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ സ്പോർട്സ് ക്വോട്ട സൂപ്പർ ന്യൂമററി ക്ലാർക്ക് ശ്രീ.ജിജിൻ വിജയൻ ഏഷ്യൻ ഗെയിംസ്, കോമൺ വെൽത്ത് ഗെയിംസ്, ഏഷ്യൻ ട്രാക്ക് ആൻഡ് ഫീൽഡ് മീറ്റ് എന്നിവയിൽ പങ്കെടുക്കുന്നതിനായി മാംഗ്ലൂർ അൽവാസ് കോളേജിൽ പരിശീലനത്തിനായി സേവനത്തിൽ നിന്ന് വിട്ടു നിന്ന **01.05.2021** മുതൽ **30.04.2023** വരെ കെ.എസ്.ആർ ഭാഗം **1**, ചട്ടം **88** പ്രകാരം ശൂന്യവേതനാവധി അനുവദിക്കണമെന്നാവശ്യപ്പെട്ട് ടിയാൻ സമർപ്പിച്ച അവധി അപേക്ഷ പരാമർശം

(1) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയിരുന്നു. എന്നാൽ ടിയാൻ 01.10.2021 മുതൽ അവധിയിൽ പ്രവേശിച്ചുവെന്നും 01.01.2023 പൂർവാഹ്നം പ്രാബല്യത്തിൽ തിരികെ ജോലിയിൽ പ്രവേശിച്ചുവെന്നും പരാമർശം (2), (4) എന്നിവ പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തുടർന്ന് 01.10.2021 മുതൽ 31.12.2022 വരെ കെ.എസ്.ആർ ഭാഗം 1, ചട്ടം 88 പ്രകാരം ശൂന്യവേതനാവധി അനുവദിക്കണമെന്നാവശ്യപ്പെട്ട് ടിയാൻ പരാമർശം (5) പ്രകാരം സമർപ്പിച്ച അവധി അപേക്ഷ പരാമർശം (6) പ്രകാരം തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (3) പ്രകാരം, സ്പോർട്സ് ക്വോട്ട നിയമന പദ്ധതി പ്രകാരം ആക്ടീവ് സ്പോർട്സിൽ തുടരാൻ ആഗ്രഹിക്കുന്നവരെ ഉൾകൊള്ളിക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പുകളിൽ സൃഷ്ടിക്കുന്ന സൂപ്പർന്യൂമററി തസ്തികയിൽ നിയമിതരാകുന്ന ജീവനക്കാർ കേരള സർവ്വീസ് റൂൾസിന്റെ പരിധിയിൽ ഉൾപ്പെടുന്നില്ല. സൂപ്പർന്യൂമററി കാലയളവിൽ കായികതാരങ്ങൾക്ക് പരമാവധി 3 മാസത്തെ ശൂന്യവേതനാവധി മാത്രമേ അനുവദിക്കാനാവു. എന്നാൽ ശ്രീ.ജിജിൻ വിജയൻ 01.10.2021 മുതൽ 31.12.2022 വരെയുള്ള കാലയളവിലേക്കാണ് അവധിക്ക് അപേക്ഷിച്ചിട്ടുള്ളത്.

3. മേൽ സാഹചര്യത്തിൽ, ഇതൊരു പ്രത്യേക കേസായി പരിഗണിച്ച് പരാമർശം (3) ഉത്തരവിലെ വ്യവസ്ഥയിൽ ഇളവ് നൽകി, പത്തനംതിട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ സ്പോർട്സ് ക്വോട്ട സൂപ്പർ ന്യൂമററി ക്ലാർക്ക് ശ്രീ.ജിജിൻ വിജയന് ഏഷ്യൻ ഗെയിംസ്, കോമൺ വെൽത്ത് ഗെയിംസ്, ഏഷ്യൻ ട്രാക്ക് ആൻഡ് ഫീൽഡ് മീറ്റ് എന്നിവയിൽ പങ്കെടുക്കുന്നതിനായി മാംഗ്ലൂർ അൽവാസ് കോളേജിൽ പരിശീലനത്തിനായി സേവനത്തിൽ നിന്ന് വിട്ടു നിന്ന 01.10.2021 മുതൽ 31.12.2022 വരെയുള്ള കാലയളവ് ശൂന്യവേതനാവധിയായി ക്രമീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

JASMI O P

ഡെപ്യൂട്ടി സെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശസ്വയംഭരണവകുപ്പ്,തിരുവനന്തപുരം.
2.പ്രിൻസിപ്പൽ അക്കൗണ്ടന്റ്
ജനറൽ(എ&ഇ/ആഡിറ്റ്)കേരള.തിരുവനന്തപുരം/തൃശ്ശൂർ.

3.ജോയിന്റ് ഡയറക്ടർ,തദ്ദേശസ്വയംഭരണവകുപ്പ് , പത്തനംതിട്ട (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).

4.ശ്രീ.ജിജിൻ വിജയൻ , സ്പോർട്ട് ക്വാട്ട സൂപ്പർന്യൂമററി ക്ലാർക്ക് , ജില്ല ജോയിന്റ് ഡയറക്ടറുടെ കാര്യാലയം,പത്തനംതിട്ട (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).

5.ധനകാര്യ വകുപ്പ് (15.06.2023ലെ e-1911518/ഡെവ-1/197/2021-ധന നമ്പർ യു ഒ റിമാർക്സ്).

6.പൊതുഭരണ സർവ്വീസസ് (ഡി)വകുപ്പ് (എസ്ഡി1/3/2024/പൊഭവ നമ്പർ യു ഒ റിമാർക്സ്).

7.ഡയറക്ടർ . ഐ കെ എം.

8.ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ).

9.കരുതൽ ഫയൽ (ഫയൽ നം.215/ഇപിഎ1/2025-എൽഎസ്ജിഡി.

ഉത്തരവിൻ പ്രകാരം

Digitally signed by Noushad. S
Date: 10-11-2026 10:29:09

സെക്ഷൻ ഓഫീസർ